# നവോത്ഥാനകാലവിമർശനം: നിലപാടുകളും പരിവർത്തനവും

**ഡോ. എം.എൻ.രാജൻ**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം, തുഞ്ചൻ മെമ്മോറിയൽ ഗവ. കോളെജ്, തിരൂർ

മലയാളസാഹിത്യം സ്ഥാപനവത്കരിക്കപ്പെടുകയും അനേകം ശാഖോപശാഖകളോടുകൂടി വ്യവസ്ഥാപിതമാകുകയുംചെയ്തുതുടങ്ങിയത് പത്തൊമ്പതാംശതകത്തിന്റെ രണ്ടാംപകുതിമുതലാണ്. അതിനു മുമ്പും മലയാളത്തിൽ പ്രമുഖമായ ഒട്ടേറെ രചനകളുണ്ടായിരുന്നെങ്കിലും വാസ്തവത്തിൽ അവയിൽ മിക്കതും വീണ്ടെടുക്കപ്പെടുകയും പുനർനിർണ്ണയിക്കപ്പെടുകയും ചെയ്തത് പത്തൊമ്പതാംനൂറ്റാണ്ടവസാനത്തോടെയും ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലുമായിട്ടാണ്. രാമചരിതം, കണ്ണശ്ശകൃതികൾ, മണിപ്രവാളകൃതികൾ എന്നിങ്ങനെ മലയാളഭാഷാസാഹിത്യത്തിന്റെ ആദ്യകാല ഈടുവയ്പുകളെല്ലാം ഈ കാലയളവിന്റെ നിർമ്മിതികളായിരുന്നു. ഭൂതകാലചരിത്രത്തിന്റെ പുനർനിർമ്മിതികൂടി സാധ്യമാക്കിയ കാലയളവെന്നനിലയിലാണ് നവോത്ഥാനകാലം എന്ന സവിശേഷകാലബോധത്തിന് ഇന്നു പ്രസക്തി കൈവരുന്നത്. മലയാളത്തെസംബന്ധിച്ച് നവോത്ഥാനകാലമെന്നത് പുതിയ ആശയങ്ങളുടെയും പുതിയ കാലത്തിന്റെയും നിർമ്മിതി മാത്രമായിരുന്നില്ല. മറിച്ച്, അതിനുള്ളിൽ വീണ്ടെടുപ്പുകളുടെയും പുനർനിർണ്ണയനങ്ങളുടെയും സജീവമായൊരു ചരിത്രംകൂടിയുണ്ടെന്നുകാണാം.

വീണ്ടെടുപ്പുകളാണ് ഒരു ജനതയുടെ സ്വത്വബലത്തെ നിർണ്ണയിക്കുന്ന പ്രധാനഘടകം. സാഹിത്യസമ്പന്നമായൊരു ഭൂതകാലത്തെ കണ്ടെടുത്തുകൊണ്ട് (പലപ്പോഴും അതിൽ കാലത്തിന്റെ വലിയ വിടവുകളുണ്ടെങ്കിലും) മലയാളവും തന്റെ സ്വത്വബലത്തെ പുനർനിർണ്ണയിച്ച ഈ കാലത്തുതന്നെ രൂപംകൊണ്ടതാണ് സാഹിത്യവിമർശനവും. പത്തൊമ്പതാംശതകത്തിന്റെ രണ്ടാംപകുതിയിൽ അല്പാല്പമായി പ്രകടമായി ഇരുപതാംശതകാരംഭത്തോടെ പ്രബലമായി മാറിയ

സാഹിത്യവിമർശനം പാശ്ചാത്യസാഹിത്യപരിചയംകൊണ്ടുണ്ടായതാണ് എന്നാണ് പരക്കെയുള്ള ധാരണ. എന്നാൽ പത്തൊമ്പതാംശതകത്തോടെ കേരളത്തിലുണ്ടായ നാനാപ്രകാരത്തിലുള്ള പരിവർത്തന പ്രക്രിയയുടെ ഒരു മുഖമാണ് വിമർശനവും അതിന്റെ സ്ഥാപനരൂപവും എന്നതാണ വസ്തുത.

പത്തൊമ്പതാംശതകത്തോടെ കേരളത്തിൽ (കേരളം സാങ്കേതികമായി രൂപപ്പെട്ടത് ഇരുപതാംശതകത്തിലാണെങ്കിലും സാംസ്കാരികമായ സ്ഥലരാശിയെന്നനിലയിലും വ്യവഹാരസൗകര്യാർത്ഥവുമാണ് ഇങ്ങനെ പ്രയോഗിക്കുന്നത്) ഉണ്ടായ പലതരം മാറ്റങ്ങളുടെ പൊതുപശ്ചാത്തലത്തിൽ നിർത്തിവേണം മലയാളസാഹിത്യവിമർശനത്തെയും പരിഗണിക്കാൻ. നൂറ്റാണ്ടുകളായി ഇവിടെ നിലനിന്നുപോന്ന ജാതിവ്യവസ്ഥയും അതിനുള്ളിൽ വ്യക്തിസ്വാതന്ത്ര്യം അസാധ്യമായിരുന്ന സ്ഥിതിയും ഒട്ടേറെ ആഭ്യന്തരസംഘർഷത്തിനിടയാക്കിയിട്ടുണ്ടാകും എന്നുതീർച്ച. ഒരുപക്ഷേ അതിനെ മുൻനിർത്തിയുള്ള തെളിവുകൾ കൂടുതൽ ഇനി കിട്ടിയെന്നുവരാം. നിശ്ചയമായും പലതരം പ്രതിഷേധ -പ്രതിരോധസ്വഭാവമുള്ള ആഭ്യന്തരസംഘർഷങ്ങളുടെ സ്ഥിതിവിശേഷം ഇവിടെയുണ്ടായിരുന്നിരിക്കണം. നമ്മുടെ കലകളിൽ, പ്രത്യേകിച്ച് നാടൻകലകളിൽ, പാട്ടുകളിൽ ഒക്കെ ഇത്തരം പ്രതിരോധത്തിന്റെ സൂക്ഷ്മാംശങ്ങൾ കാണാൻ കഴിയും. ജാതി-ജന്മി-നാടുവാഴിത്തത്തിന്റെ അശുഭകരമായ അധികാരപ്രയോഗത്തോടുള്ള കലഹമായി കാണേണ്ടതുണ്ട് പല തെയ്യങ്ങളെയും. അവയുടെ രൂപപ്പെടലിനുപിന്നിൽ പെണ്ണിന്റെയും കീഴാളരുടെയും പ്രതിരോധമോ പ്രതിഷേധമോ പ്രവർത്തിക്കുന്നതായികാണാം. ജീവിച്ചിരിക്കെ മനുഷ്യരായിത്തന്നെ അംഗീകരിക്കപ്പെടാത്തവർ മരണപ്പെട്ടുകഴിഞ്ഞ് ദൈവമായി പരിവർത്തിക്കുന്നതാണല്ലോ പലപ്പോഴും തെയ്യത്തിൽ കാണുന്ന കഥ. അതുപോലെ ചെറുതും വലുതുമായ ഒട്ടേറെ സംഭവങ്ങൾ ജാതി-ജന്മിവിരുദ്ധമായി കാണാൻകഴിയും. ആറാട്ടുപുഴ വേലായുധപ്പണിക്കരും സ്വന്തം മുലയരിഞ്ഞ് കരമടയ്ക്കലിനെതിരെ കലഹിച്ച സ്ത്രീയും മാറുമറയ്ക്കൽ സമരവുമൊക്കെ ഇവയുടെ ചില തെളിവുകളാണ്. കേരളത്തിൽ അക്കാലത്തുണ്ടായ മതംമാറ്റത്തെപ്പോലും ജാതിവിരുദ്ധവികാരമായി കാണണം. ഈഴവമെമ്മോറിയലിലെ പൊന്നുതമ്പുരാന്റെ മതം ഉപേക്ഷിക്കും എന്ന സൂചന ഒരു സമ്മർദ്ദതന്ത്രം മാത്രമായിരുന്നില്ല എന്നത് പിന്നീട് തെളിഞ്ഞതാണ്. വൈകുണ്ഠസ്വാമികൾ, ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമി, അയ്യങ്കാളി, വാഗ്ഭടാനന്ദൻ, പൊയ്കയിൽ അപ്പച്ചൻ തുടങ്ങി നിരവധി വ്യക്തികളുടെ നേതൃത്വത്തിലുള്ള പലതരം പ്രവർത്തനങ്ങൾ

കേരളത്തിലുണ്ടാക്കിയ പരിവർത്തനങ്ങളും നവോത്ഥാനത്തിന്റെ പ്രധാനധാരയാണ്. സുശക്തവും സുദീർഘവുമായിരുന്ന ജാതി, ജന്മിത്വം, കൂട്ടുകുടുംബം, മരുമക്കത്തായം തുടങ്ങിയ സാമൂഹികസ്ഥാപനങ്ങളുടെ തകർച്ച ഈ കാലയളവിലാണ്. കുടിയാന്മാരും അനന്തരവന്മാരും പ്രത്യക്ഷമായ പ്രതിഷേധപ്രവർത്തനങ്ങൾ നടത്തുക മാത്രമല്ല, നിയമവ്യവഹാരങ്ങളിലൂടെ അവകാശം സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട് ഈ കാലയളവിൽ. ക്രിസ്ത്യൻമിഷനറിമാരുടെ പ്രവർത്തനങ്ങളും ആധുനികരീതിയിലുള്ള വിദ്യാഭ്യാസപ്രവർത്തനങ്ങളും അച്ചടി, ആനുകാലികങ്ങൾ എന്നിവയുടെ പ്രചാരവും ബ്രിട്ടീഷ്ഭരണത്തിന്റെ സ്വാധീനവുമെല്ലാംചേർന്നുണ്ടാക്കിയ പരിവർത്തനത്തിന്റെ സവിശേഷസാഹചര്യമാണ് നവോത്ഥാനമായി കണക്കാക്കപ്പെടുന്നത്. പഴയ സ്ഥാപനങ്ങളുടെ തകർച്ചയും പുതിയ സംഘടിതസ്ഥാപനങ്ങളുടെ രൂപപ്പെടലുംകൊണ്ട് കേരളത്തിന്റെ പൊതുമണ്ഡലത്തിൽ പുതിയ കർതൃത്വങ്ങൾ ഉയർന്നുവന്നു എന്നാണിത് സൂചിപ്പിക്കുന്നത്. ഇത് കേരളത്തിന്റെ സമസ്തമണ്ഡലങ്ങളിലും ആഴത്തിൽ മാറ്റങ്ങളുണ്ടാക്കി. അത് സാംസ്കാരികവും ഭാഷാപരവുമായ മേഖലയിലുണ്ടാക്കിയ പരിണാമത്തിന്റെ പലവിധ പ്രകാശനങ്ങളിൽ ശക്തമായതാണ് വിമർശനം. ഇതു രൂപപ്പെടാൻ ഗദ്യത്തിന്റെ വികാസം അടിത്തറയൊരുക്കി.

സംഭാഷണമാധ്യമം, ചില കലാരൂപങ്ങളുടെ ഔദ്യോഗികവ്യവഹാരരൂപം എന്നീനിലകളിൽനിന്നും സാമൂഹികവും സാംസ്കാരികവുമായ വ്യവഹാരരൂപമായി ഗദ്യം വളരുന്നതും ഏറ്റവും ശക്തമായ സാഹിത്യമാധ്യമമായി മാറുന്നതും നവോത്ഥാനത്തിൻന്റെ ഭാഗമായാണ്. ഗദ്യത്തിന് സാഹിത്യപദവി കൈവന്നതോടെ പദ്യത്തിന്റെ പരമ്പരാഗതാധിപത്യം നഷ്ടപ്പെട്ടുതുടങ്ങി. ജീവിതത്തിന്റെ സമകാലസ്ഥിതി രസനീയമായിത്തന്നെ ആവിഷ്കരിക്കാൻ ഗദ്യത്തിനുള്ള പ്രാഗത്ഭ്യം വായനാസമൂഹത്തെ അതിനോട് കൂടുതൽ അടുപ്പിച്ചു. ആധുനികവിദ്യാഭ്യാസം ലഭിച്ച തലമുറയുടെ മാധ്യമമായി അന്ന് ഗദ്യത്തിനു മാറാൻ കഴിഞ്ഞു. നവസാഹിത്യരൂപങ്ങൾ മിക്കതും—നോവൽ, ചെറുകഥ, ഉപന്യാസം, യാത്രാവിവരണം, ആത്മകഥ, വൈജ്ഞാനികകൃതികൾ—ഗദ്യത്തിന്റെ സാധ്യതയിൽനിന്നുകൊണ്ടാണ് വികസിച്ചത്. സംഗീതനാടകങ്ങളിൽ നിന്ന് ഗദ്യനാടകങ്ങളിലേക്കുള്ള പരിണാമവും ഈ ഘട്ടത്തിലാണെന്നത് ഇതിനോടു ചേർത്തുവെച്ചു മനസ്സിലാക്കാവുന്നതാണ്. ഒരർത്ഥത്തിൽ സാഹിതീയതയുടെ വിശിഷ്ടസ്ഥാനത്തേക്ക് മാത്രമല്ല, എഴുത്തിന്റെയും വിനിമയത്തിന്റെയും മിക്ക വ്യവഹാരരൂപങ്ങളിലേക്കും ഗദ്യം ഇടംനേടിയത് നവോത്ഥാനത്തിന്റെ സവിശേഷസന്ദർഭത്തിലാണ്.

മറ്റൊരുതരത്തിൽ, നവോത്ഥാനമുണ്ടാക്കിയ സാംസ്കാരികമായ ഉണർവ്വിന്റെ പ്രകാശനമായി ഗദ്യം സ്ഥാനംനേടി എന്നുപറയാം. കേരളത്തിലെ ആധിപത്യവിരുദ്ധമുന്നേറ്റങ്ങളുടെ സാംസ്കാരികപ്രതിനിധാനമായി ആധുനികഗദ്യത്തെ പരിഗണിക്കാം. പദ്യത്തിന്റെ കൃത്രിമഘടന ഗദ്യത്തിന്റെ സ്വാഭാവികഘടനയ്ക്ക് എതിർനില്ക്കുന്ന ഒന്നാണല്ലോ. മനുഷ്യവിനിമയത്തിന്റെ സ്വാഭാവികരൂപമായ ഗദ്യത്തിനുണ്ടാകുന്ന പ്രാമുഖ്യം, സമൂഹത്തിലുണ്ടായിക്കൊണ്ടിരുന്ന ആധുനികഭാവുകത്വത്തിന്റെയും പുതിയ സമൂഹരൂപവത്കരണത്തിന്റെയും പൊതുമണ്ഡലത്തിന്റെയും പ്രതിനിധാനമായി കണക്കാക്കാം. അതുകൊണ്ടാകാം വിമർശനത്തിന് ആ ഗദ്യത്തിന്റെ വികാസവുമായി ബന്ധപ്പെട്ട ചരിത്രമുണ്ടാകുന്നത്.

സാഹിത്യം ചിരപ്രതിഷ്ഠിതമായ ഒരു സാംസ്കാരികസ്ഥാപനമാണ്. അത് വായനക്കാരുടെ നിശ്ശബ്ദവും വിധേയവുമായ ആസ്വാദനത്തിന്മേലാണ് പ്രതിഷ്ഠിതമായിരുന്നത്. ആസ്വാദനം, വ്യാഖ്യാനം എന്നിവയെല്ലാം ഒരുതരത്തിൽ വിധേയമായ വായനയാണ്. സാഹിത്യത്തിനു വിധേയപ്പെടലാണ്, തന്മയീഭവിക്കലാണ് ആസ്വാദനത്തിന്റെ സ്വഭാവമായി കണക്കാക്കപ്പെട്ടിരുന്നത്. തന്മയീഭവിക്കലിൽ സംഭവിക്കുന്നത് മാനസികമായ കീഴ്പ്പെടലാണല്ലോ. വായിക്കുന്ന വസ്തുവിൽ മുഴുകി, അതിന്റെ താത്പര്യങ്ങളെ നിശ്ശബ്ദമായി അംഗീകരിച്ചുകൊണ്ട് എഴുത്തുകാരനെ ഋഷിയായോ പ്രജാപതിയായോ കാണുന്നതാണല്ലോ ഇവിടത്തെ പാരമ്പര്യം. അതിൽ എഴുത്തിനുള്ളിലെ താത്പര്യങ്ങൾ പ്രശ്നവത്കരിക്കപ്പെട്ടിരുന്നില്ല. എഴുത്തിനെ പ്രശ്നവത്കരിക്കുകയും തന്റെ ഇച്ഛകൾക്കും താത്പര്യങ്ങൾക്കുമനുസരിച്ച് കൃതിയെ പരിശോധിക്കുകയും ചെയ്യുമ്പോഴാണ് വായന ക്രിയാത്മകമാകുന്നത്. വായനക്കാരുടെ കർത്തൃത്വം വായനയിലുണ്ടാകുന്നതും വായന സർഗ്ഗാത്മകമായി മാറുന്നതും അതിലൂടെ പുതിയ ആവിഷ്കാരരൂപമുണ്ടാകുന്നതും അപ്പോഴാണ്. വായന ക്രിയാത്മകവും കർത്തൃത്വപരവും ആയിത്തീരുമ്പോഴാണ് വിമർശനമുണ്ടാകുന്നത്. വായനതന്നെ വിമർശനമാകുന്നതും വിവിധതരം വായനകൾ പലതരം വിമർശനങ്ങളാകുന്നതും ഇങ്ങനെയാണ്. വിധേയകർത്തൃത്വത്തിൽനിന്നു വിധായകകർത്തൃത്വത്തിലേക്കുള്ള വായനയുടെ പരിവർത്തനമാണ് വിമർശനം.

വായന ഒരു വ്യവഹാരരൂപമാകുന്നത് വിമർശനപരമാകുമ്പോഴാണ്. മാത്രമല്ല, വായനയുടേത് നിശ്ശബ്ദമയ ചരിത്രമാണല്ലോ. വായനയുടെ വസ്തുനിഷ്ഠമായ ചരിത്രമുണ്ടാകുന്നത് വിമർശനമുണ്ടാകുമ്പോഴാണ്. അതിനാൽ വിമർശനം വായനയുടെ (വായനക്കാരുടെയും) അടയാളവും

ചരിത്രവുമായി മാറുന്നുവെന്നുപറയാം. ജീവിതവായനയുടെ ഭാഷാരേഖ യണ് എഴുത്ത് എന്നുപറയാമെങ്കിലും ആ എഴുത്തിനെ അഥവാ സാഹി ത്യത്തെ നിലനിർത്തുകയും പല കാലങ്ങളിലൂടെ പല അർത്ഥങ്ങൾ രൂപപ്പെടുത്തിക്കൊണ്ട് കാലാന്തരങ്ങളിലേക്ക് സംക്രമിപ്പിക്കുകയുംചെ യ്യുന്ന വായനയ്ക്ക് നിയതമായൊരു ചരിത്രമില്ലാതെപോയി. എന്നാൽ, വിമർശനത്തിന്റെ രൂപപ്പെടലും ആവിഷ്കാരവും വായനയുടെ ചരിത്രം നിർമ്മിക്കലാണ്.

മലയാളത്തിലെ സാഹിത്യവിമർശനത്തിന്റെ രൂപപ്പെടൽ കേവലമൊരു സാഹിത്യവ്യവഹാരപ്രശ്നമായി പരിമിതപ്പെടുന്നില്ല എന്നാണ് ഇവിടെ വിവക്ഷിച്ചത്. മറിച്ച്, അത് കേരളത്തിലുണ്ടായന വോത്ഥാനത്തിന്റെയും അതിന്റെ ഭാഗമായ ആധുനികഗദ്യത്തിന്റെയും വായനയെന്ന വ്യവഹാരരൂപത്തിന്റെയും സമന്വയഫലമായി കാണേ ണ്ടതുണ്ട്. കേരളത്തിന്റെ പൊതുമണ്ഡലം രൂപപ്പെടുന്നതും സാഹിത്യ മെന്ന സ്ഥാപനം പ്രശ്നവത്കരിക്കപ്പെട്ട വ്യവഹാരമാകുന്നതും ഇതിന്റെ ഭാഗമാണ്. വായനയെ നിമ്നചരിത്രത്തിൽനിന്ന് ക്രിയാത്മകചരിത്ര ത്തിലേക്ക് വീണ്ടെടുത്തതും വിമർശനമാണ്. അത് വായനക്കാരുടെ വ്യക്തിബോധം, ജീവിതബോധം, സൗന്ദര്യബോധം, സാഹിത്യ ബോധം, ഭാഷാബോധം എന്നിവ ചേർന്ന സ്വത്വബലത്തിന്റെയും അതിന്റെ ഭാഗമായ ഇച്ഛാപ്രകാശനത്തിന്റെയും പ്രതിനിധാനമാണ്. വായിക്കുന്ന കൃതിക്കുമേൽ തന്റെ ബോധങ്ങളെ ചേർത്തുവെച്ചുനോക്കു കയും അതിന്റെയടിസ്ഥാനത്തിൽ കൃതിയെ മൂല്യനിർദ്ധാരണംചെയ്യുക യുമാണ് വിമർശനത്തിൽ സംഭവിച്ചത്. അതോടെ കൃതിക്കു കീഴ്പ്പെ ടുകയല്ല വായന എന്ന സ്ഥിതിയുണ്ടായി. മാത്രമല്ല, കൃതിക്കുമേൽ വായനക്കാർ സ്ഥാപിക്കുന്ന കർത്തൃത്വമാണ് വിമർശനമെന്ന നില വന്നുചേർന്നു. കേരളത്തിൽ വിമർശനം രൂപപ്പെട്ട കാലത്തെ ചരിത്ര സാംസ്കാരികസാഹചര്യങ്ങളെ മുൻനിർത്തിനോക്കിയാൽ മലയാളി യുടെ സ്വത്വബോധത്തിന്റെ വികാസത്തിലെ സവിശേഷസന്ദർഭമായി അതിനെ കണക്കാക്കാം.

വായനയെ സംവാദാത്മകവ്യവഹാരമാക്കി മാറ്റിയ വിമർശനം വായ നക്കാരുടെ ക്രിയാത്മകപങ്കാളിത്തംകൂടി സാഹിത്യമെന്ന സ്ഥാപന ത്തിൽ അനിവാര്യമാക്കി മാറ്റി. മറ്റൊരുതരത്തിൽ, സാഹിത്യമെന്ന ഏകാ ധിപത്യസ്ഥാപനത്തെ ജനകീയമാക്കി മാറ്റുന്നതിൽ വിമർശനമാണ് പ്രധാനപങ്കുവഹിച്ചതെന്നുപറയാം. ഇത്തരത്തിൽ നവോത്ഥാനത്തിന്റെ ആരോഗ്യകരമായ എല്ലാസവിശേഷതകളും ഉൾക്കൊണ്ടുകൊണ്ടാണ്

വിമർശനം ഇരുപതാംശതകത്തിന്റെ മൂന്നാംദശകത്തിലേക്ക കടന്നത്. യഥാർത്ഥത്തിൽ പത്തൊമ്പതാംശതകത്തിന്റെ അവസാനദശകങ്ങൾ മുതൽ നവോത്ഥാനം ആരംഭിച്ചുവെങ്കിലും മലയാളസാഹിത്യത്തിന്റെ എല്ലാ മണ്ഡലങ്ങളിലും അതിന്റെ പ്രഭാവം ശക്തമായത് ഇരുപതാംശതകത്തിന്റെ മൂന്നാംദശകംമുതലാണ്. അതുകൊണ്ട് സാമാന്യമായി 1930-കൾമുതലുള്ള മൂന്നുദശകക്കാലമാണ് സവിശേഷാർത്ഥത്തിൽ ഇവിടെ നവോത്ഥാനകാലം. മലയാളവിമർശനത്തിന്റെയും നവോത്ഥാനകാലം എന്നു വ്യവഹരിക്കുന്നത് ഈ കാലയളവിനെത്തന്നെയാണ്. മലയാളവിമർശനത്തിന്റെ പ്രാരംഭത്തെക്കക്കുറിച്ച് ഇത്രയും വിശദീകരിച്ചത്, ഇത്തരമൊരു ആശയത്തിന്റെ തുടർച്ചയും വികാസവുമാണ് നവോത്ഥാനകാലവിമർശനത്തിൽ കാണാനാകുക എന്നതുകൊണ്ടാണ്.

നവോത്ഥാനകാലവിമർശനത്തിന്റെ വക്താക്കളായി കേസരി ബാലകൃഷ്ണപിള്ള, എം.പി.പോൾ, ജോസഫ് മുണ്ടശ്ശേരി, കുട്ടികൃഷ്ണമാരാര് എന്നിവരെ പരിഗണിച്ചുകൊണ്ടാണ് വിമർശനത്തിലെ മുഖ്യസവിശേഷതകളും നിലപാടുകളും പരിശോധിക്കുന്നത്. ഈ നാലുപേരുടെ സംഭാവനകളുടെയോ നിലപാടുകളുടെയോ സമഗ്രമായ പരിശോധന ഇവിടെ അസാധ്യമാണ്. ആയതിനാൽ, അവരുടെ രചനാലോകത്തു പ്രകടമാകുന്ന മുഖ്യഘടകങ്ങളെ മുൻനിർത്തി പൊതുവായ നിരീക്ഷണങ്ങളിലേക്കെത്താനേ ഇവിടെ ശ്രമിക്കുന്നുള്ളൂ.

സി.പി. അച്യുതമേനോൻ, കേരളവർമ്മ, എ.ആർ. രാജരാജവർമ്മ, മൂർക്കോത്തു കുമാരൻ, വേങ്ങയിൽ കുഞ്ഞിരാമൻനായനാർ, സാഹിത്യപഞ്ചാനനൻ പി.കെ. നാരായണപിള്ള തുടങ്ങി ഒട്ടേറെപ്പേർ പുസ്തകനിരൂപണങ്ങളിലൂടെയും ചില വിശദപഠനങ്ങളിലൂടെയും വളർത്തിയ മലയാളസാഹിത്യവിമർശനം സ്വതന്ത്രവും ശക്തവുമായ നിലയിലേക്കു വികസിച്ചത് നവോത്ഥാനകാലത്താണ്. നവോത്ഥാനവിമർശനത്തിന്റെ ശക്തിയും ചൈതന്യവുമായി കണക്കാക്കുന്ന ഈ നാൽവർ (ഇവരെ നിരൂപകചതുഷ്ടയം എന്നുംവിളിക്കാം) അവരുടെ രചനകളിലൂടെ രൂപപ്പെടുത്തിയ ആശയലോകമാണ് മലയാളവിമർശനത്തിന്റെ പ്രതിഷ്ഠാപനം നിർവ്വഹിച്ചത്. അതുകൊണ്ട്, മലയാളവിമർശനത്തിന്റെ പ്രതിഷ്ഠാപനകാലം എന്നും ഈ കാലയളവിനെ വിളിക്കാവുന്നതാണ്. വിമർശനം പ്രാരംഭത്തിൽ കൃതിക്കു പിന്നാലെപോയി സ്വാഭിപ്രായം രേഖപ്പെടുത്തലായിരുന്നുവെങ്കിൽ നിരൂപകചതുഷ്ടയത്തിന്റെ കാലത്തോടെ അത് എഴുത്തിനൊപ്പമോ ചിലപ്പോൾ മുന്നിലോ സ്ഥാനംനേടുന്നതായി കാണാം. വിമർശനത്തെ, സാഹിത്യമെന്ന

സ്ഥാപനത്തിന്റെ ഭാഗമായിരിക്കുമ്പോൾത്തന്നെ അതിന്റെ വ്യവഹാരകർത്തൃത്വത്തിന്റെ സവിശേഷതകൊണ്ട് ഏറെക്കുറെ സ്വതന്ത്രാസ്തിത്വമുള്ള ഒരു സ്ഥാപനമായി കണക്കാക്കിയത് ഇക്കാലത്താണ്. മറ്റൊരുതരത്തിൽ പറഞ്ഞാൽ, വായനക്കാരുടെ വ്യവഹാരമണ്ഡലത്തെ സാഹിത്യസ്ഥാപനത്തിന്റെ അനിവാര്യമോ അനിഷേധ്യമോ ആയ സ്ഥാനത്തു പ്രതിഷ്ഠിക്കാനും വായനക്കാരുടെ സ്വത്വബലത്തെ ഗ്രന്ഥകാരകർത്തൃത്വത്തിനൊപ്പം വലുപ്പമുള്ളതാക്കിത്തീർക്കാനും ഇവരുടെ കാലത്താണു കഴിഞ്ഞത്. വിമർശകന്റെ വാക്കിന് എഴുത്തുകാർ വില കല്പിക്കുന്നതും അതിനെ പലപ്പോഴും എഴുത്തിന്റെ ബലവേഗങ്ങളോടു ചേർത്തുവയ്ക്കുന്നതും ഇക്കാലത്ത് ധാരാളമായി കാണാം. പ്രമുഖരായ എഴുത്തുകാർ അവരുടെ രചനകളെ ഈ വിമർശകരുടെ അവതാരികകളോ പഠനങ്ങളോകൊണ്ട് സഹൃദയലോകത്തേക്ക് പ്രവേശിക്കാനോ അറിയപ്പെടാനോ ശക്തമായി ശ്രമിച്ചിരുന്നത് ഇക്കാലത്താണ്. മിക്ക എഴുത്തുകാരെയും സാഹിത്യത്തിന്റെയോ പ്രവണതകളുടെയോ പ്രസ്ഥാനങ്ങളുടെയോ ചരിത്രത്തിൽ സ്ഥാനപ്പെടുത്താൻ ഈ വിമർശകരിലൂടെയാണ് സാധ്യമായത്. പാരമ്പര്യപ്രവണതകളിൽനിന്നു വിട്ടുപോന്ന എഴുത്തിനെ, അവയിലെ നവീനതയെ സഹൃദയലോകത്തിനു സുസമ്മതമാക്കാൻ ഇതിലൂടെ സാധിച്ചു. ഒരർത്ഥത്തിൽ, വായനക്കാരുടെ പ്രതിനിധികളെന്നുപറയാവുന്ന വിമർശകർ നല്കുന്ന അംഗീകാരമെന്നത് വായനാസമൂഹത്തിന്റെ തന്നെ സമ്മതമായി കണക്കാക്കാം. പക്ഷേ, വായനക്കാരുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് അതിനുള്ളിൽനിന്ന് ചിലർക്ക് പ്രാമാണ്യം കൈവരാനുള്ള സാഹചര്യമുണ്ടാക്കി. അവരാണ് പിന്നെ ഒരുപരിധിവരെ വായനയുടെ സ്വഭാവത്തെ നിയന്ത്രിച്ച വിമർശകർ. അവർക്കാണ് എഴുത്തുകാർക്കൊപ്പം പ്രാധാന്യംകൈവരുകയും ചെയ്തത്. ആ നിലയിൽ വിമർശകരുടെ തലപ്പൊക്കം അംഗീകരിച്ചുകിട്ടിയത് നവോത്ഥാനകാലവിമർശകർക്കാണ്.

സാഹിത്യവിമർശനം പുസ്തകാഭിപ്രായത്തിൽനിന്ന് സാമൂഹികവും സാംസ്കാരികവുമായ സാഹിത്യവിചിന്തനമെന്നനിലയിലേക്ക് പരിവർത്തനംചെയ്യുന്നത് നവോത്ഥാനകാലത്താണ്. നല്ല പുസ്തകങ്ങളെയും ചീത്തപ്പുസ്തകങ്ങളെയും വേർതിരിച്ചുകാണിക്കുന്ന ധർമ്മമല്ല, പുസ്തകത്തെത്തന്നെ സാമൂഹിക-സാംസ്കാരികോല്പന്നമായി കാണുന്ന പ്രവണതയും അതിനോട് സംവദിക്കുന്നതാണ് വിമർശനത്തിന്റെ ധർമ്മമെന്ന ധാരണയും ഈ ഘട്ടത്തിൽ വളർന്നുവന്നു. മുണ്ടശ്ശേരി, കേസരി, മാരാര്, പോൾ എന്നിവരുടെ രചനകളിൽ ഇക്കാര്യത്തിന് നിരവധി തെളിവുകൾകാണാം. മുണ്ടശ്ശേരിയുടെ കാളിദാസനും കാലത്തിന്റെ ദാസൻ,

കേസരിയുടെ ചങ്ങമ്പുഴയുടെ തത്ത്വശാസ്ത്രം, പോളിന്റെ പുരോഗമനസാഹിത്യം, മാരാരുടെ വാല്മീകിയുടെ രാമൻ തുടങ്ങിയ പ്രഖ്യാതവിമർശനങ്ങൾ ഇവിടെയോർക്കാം.

സാഹിത്യത്തെ കേവലം രസാത്മകവസ്തുവായിട്ടല്ല ഇവർ കണ്ടിരുന്നത്. മറിച്ച്, പുതിയ കാലത്തെയും പുതിയ ലോകത്തെയും നിർമ്മിക്കാനും നിലവിലുള്ളതിനോട് കലഹിക്കാനും ഉള്ള സർഗ്ഗാത്മവസ്തുവായി സാഹിത്യത്തെ സ്ഥാനപ്പെടുത്തി. അതുകൊണ്ട് സാഹിത്യത്തിലെ കലാംശത്തെ പൂർണ്ണമായി വിഗണിച്ചുവെന്നർത്ഥമില്ല. കേസരിയുടെ നവലോകം എന്ന കൃതിതന്നെ ഇതിന്റെ നയപ്രഖ്യാപനമാണല്ലോ. വ്യക്തമായ ഒരു സ്വതന്ത്രരാഷ്ട്രസങ്കല്പത്തിൽ വിശ്വസിച്ചുകൊണ്ടായിരുന്നു ഇവർ വിമർശനം നിർവ്വഹിച്ചിരുന്നത്. മനുഷ്യന്റെ നന്മകൾക്കും വ്യക്തിത്വത്തിനും വികാസംസിദ്ധിക്കുന്ന ആരോഗ്യകരമായ ഇടമാണ് അവർ മനസ്സിൽക്കണ്ട രാഷ്ട്രം. പഴയ വിശ്വാസങ്ങൾ, മൂല്യങ്ങൾ, ആചാരങ്ങൾ, ആരാധനകൾ ഒക്കെ അവിടെ ചോദ്യംചെയ്യപ്പെട്ടു. യുക്തിയും ബുദ്ധിയും വിവേകവും സ്വാതന്ത്ര്യവുമുള്ള ആധുനികമനുഷ്യനെ സാഹിത്യത്തിന്റെ മണ്ഡലത്തിൽ ആവശ്യപ്പെടുന്നതായിരുന്നു നവോത്ഥാനകാലം. അതിന്റെ വ്യാഖ്യാതാക്കളാകുകയെന്നതായിരുന്നു ഈ വിമർശകർ നിർവ്വഹിച്ച ധർമ്മം. എഴുത്തിനുള്ളിലും ഇതിവൃത്തശില്പത്തിലും കഥാപാത്രവത്കരണത്തിലുമെല്ലാം അവർ യുക്തിയുടെ സാധുത തിരഞ്ഞു. യുക്തിബോധവും സൗന്ദര്യബോധവും ആത്യന്തികമായി ഒന്നുതന്നെയെന്നു കുട്ടികൃഷ്ണമാരാര് (സാഹിത്യവിദ്യയിൽ)സമർത്ഥിക്കുകയുംചെയ്തു.

അറിവും അനുഭൂതിയും കലർന്ന വ്യവഹാരമായി സാഹിത്യത്തെ കണക്കാക്കിയെന്നതും നവോത്ഥാനകാലവിമർശനത്തിന്റെ സവിശേഷതയായി കാണാവുന്നതാണ്. സാഹിത്യം രസാത്മകമായ ഭാഷാവസ്തുവായിരിക്കുമ്പോൾത്തന്നെ അത് ജീവിതത്തിന്റെയും സമൂഹത്തിന്റെയും പല മാനങ്ങളെയും വിവേചിക്കാനാവുന്ന ആവിഷ്കാരംകൂടിയായി വിലയിരുത്തപ്പെട്ടു. കുട്ടികൃഷ്ണമാരാരുടെ സാഹിത്യവിദ്യാസങ്കല്പവും കേസരിയുടെ പഠനങ്ങളും അതിന്റെ ഭാഗമാണ്. എന്നാൽ അറിവ് അഥവാ വ്യവഹാരജ്ഞാനം കലയുടെ നിയമത്തിനും സാധുതയ്ക്കും വിധേയമായിത്തന്നെ ആവിഷ്കരിക്കണമെന്ന കാര്യത്തിൽ അവർക്കു വിസംവാദമില്ല. ഇന്ദുലേഖയിലെ പതിനെട്ടാമദ്ധ്യായത്തെക്കുറിച്ചുള്ള പോളിന്റെ നിരീക്ഷണവും മുണ്ടശ്ശേരിയുടെ രൂപഭദ്രതാവാദവും വെളിവാക്കുന്നത് കലാതത്ത്വത്തിന് കീഴമർന്നുള്ള സാമൂഹികാവിഷ്കാരമാണ് സാഹിത്യത്തിനാവശ്യമെന്നാണല്ലോ.

മലയാളസാഹിത്യത്തിന്റെ പ്രാരംഭകാലംമുതലുള്ള ചരിത്രം പരിശോധിച്ചാൽ അത് ഒരുപരിധിവരെ വരേണ്യവും ഹൈന്ദവവുമായിരുന്നു എന്നുപറയാം. പത്തൊമ്പതാംശതകത്തിന്റെ പകുതിയോടെ ഈ സ്ഥിതി മാറിത്തുടങ്ങിയെങ്കിലും മതപ്രചാരണം മുൻനിർത്തിയെഴുതപ്പെട്ടവയായതിനാലാവാം പല കൃതികളും ചർച്ചചെയ്യപ്പെട്ടില്ല. എന്നാൽ, കേരളത്തിലുണ്ടായ സാമൂഹികമാറ്റത്തിന്റെയും രാഷ്ട്രീയാവസ്ഥയുടെയും ഭാഗമായി സാഹിത്യം സാമാന്യമനുഷ്യരുടെ ജീവിതത്തിലേക്കിറങ്ങിയപ്പോൾ അതിനെ താത്ത്വികമായി അഭിമുഖീകരിക്കാൻ ഈ വിമർശകർ തയ്യാറായി. മാത്രമല്ല, നവകാലസാഹിത്യമെന്ന നിലയിൽ നോവൽ, ചെറുകഥ, കവിതയിലെ പുതുപ്രവണതകൾ ഒക്കെ വായനാസമൂഹത്തിലും സാഹിത്യചരിത്രത്തിലും അടയാളപ്പെടുത്തുന്നതിൽ നവോത്ഥാനകാലം വഹിച്ച പങ്ക് വളരെ വിലയേറിയതാണ്. സാമാന്യജനങ്ങൾ നേരിട്ടുവായിച്ചു രൂപപ്പെടുത്തിയ അഭിപ്രായങ്ങൾ മാത്രമായിരുന്നില്ല നവോത്ഥാനകാലസാഹിത്യത്തിന്റെ പ്രതിഷ്ഠാപനത്തിൽ പ്രവർത്തിച്ചത്. തീർച്ചയായും പാശ്ചാത്യവും ഭാരതീയവുമായ സാഹിത്യചിന്തകളെയും പുതിയ ഭാവുകത്വത്തെയും അടിസ്ഥാനമാക്കി ഈ വിമർശകർ നിർവ്വഹിച്ച പ്രമാണകല്പനകളും വിശകലനങ്ങളും ചേർന്നാണ് നവോത്ഥാനകാലസാഹിത്യത്തിന്റെ അടിത്തറയൊരുക്കിയത്. ഹൈന്ദവാന്തരീക്ഷത്തോടൊപ്പം ക്രിസ്ത്യാനികളുടെയും മുസ്ലിങ്ങളുടെയും കീഴാളരുടെയും ജീവിതം സാഹിത്യത്തിന്റെ മുഖ്യസ്ഥാനത്തേക്കു വരുകയും എഴുത്തിൽ ജനാധിപത്യസ്വഭാവം വ്യാപിക്കുകയുംചെയ്തത് നവോത്ഥാനകാലത്താണ്. അതിന്റെ സൈദ്ധാന്തികാടിത്തറ പല വിമർശനങ്ങളിലൂടെയും ഇവർ സൂചിപ്പിച്ചിട്ടുണ്ട്. ബാല്യകാലസഖിക്ക് പോൾ എഴുതിയ അവതാരിക അനിവാര്യമാകേണ്ട ഈ മാറ്റത്തെ പ്രതിഫലിപ്പിച്ചിട്ടുണ്ട്. കേസരിയും മുണ്ടശ്ശേരിയും ഒക്കെ പക്ഷഭേദമില്ലാതെ ഈ ധർമ്മം നിർവ്വഹിച്ചിട്ടുള്ളതായി കാണാം.

നവോത്ഥാനകാലവിമർശനത്തെ ഇന്നു ശ്രദ്ധേയമാക്കുന്ന ഒരു ഘടകം അത് നിർവ്വഹിച്ച പുനർവായനകളാണ്. നവോത്ഥാനമെന്നത് മുന്നോട്ടുമാത്രം നോക്കുന്ന പ്രവണതയായിരുന്നില്ല. ഭൂതകാലത്തെയും പാരമ്പര്യത്തെയും അതിന്റെ ഈടുവയ്പുകളെയും കാലാനുസൃതമായി വായിക്കാനും വിലയിരുത്താനും നവോത്ഥാനകാലവിമർശനം ജാഗ്രത കാട്ടിയിരുന്നു. പഴയകാലസാഹിത്യത്തെ തള്ളിക്കളയാനോ വാരിപ്പുണരാനോ അല്ല, നവോത്ഥാനകാലത്തിന്റെ സാഹിത്യയുക്തിയിൽ വെച്ച് പുനഃപരിശോധിച്ചെടുക്കാനാണ് ഈ വിമർശകർ ശ്രമിച്ചത്. മലയാളത്തിന്റെ പഴയകാല കാവ്യങ്ങളുടെ വീണ്ടെടുപ്പുകാലമായിരുന്നു

നവോത്ഥാനത്തിന്റേത് എന്നു നേരത്തേ സൂചിപ്പിച്ചല്ലോ. അങ്ങനെ വീണ്ടെടുത്ത പഴയകാവ്യങ്ങൾ മാത്രമല്ല സംസ്കൃതസാഹിത്യകൃതികളും പുനർവായനയ്ക്ക് വിധേയമാക്കപ്പെട്ടിട്ടുണ്ട്. സാഹിത്യപഞ്ചാനനൻ ചെറുശ്ശേരിയെയും എഴുത്തച്ഛനെയും കുഞ്ചൻനമ്പ്യാരെയും പുനർവായന നടത്തിയത് മാതൃകാരൂപമായി നില്ക്കുന്നുണ്ട്. കേസരി, മുണ്ടശ്ശേരി, കുട്ടികൃഷ്ണമാരാര് എന്നിവരാണ് നവോത്ഥാനവിമർശനത്തിന്റെ ഭാഗമായി പഴയവയുടെ മൂല്യവിചാരണയിൽ കൂടുതൽ ശ്രദ്ധകാട്ടിയത്. കേസരിയുടെ രാജരാജീയം, മുണ്ടശ്ശേരിയുടെ മാനദണ്ഡം, കുട്ടികൃഷ്ണമാരാരുടെ ഭാരതപര്യടനം എന്നിവയൊക്കെ പുനർവായനയുടെ വിശിഷ്ട ഫലങ്ങളാണ്. മുണ്ടശ്ശേരിയുടെ കാളിദാസനും കാലത്തിന്റെ ദാസൻ എന്ന ലേഖനം, ഒരെഴുത്തുകാരനെ അയാളുടെ കാലത്തോടുചേർത്തുവച്ചു വായിക്കേണ്ടതിന്റെ അനിവാര്യതയും കാലത്തിനു സാഹിത്യകാരന്റെ വീക്ഷണത്തെ രൂപപ്പെടുന്നതിലുള്ള പങ്കും വ്യക്തമാക്കുന്ന ശ്രദ്ധേയമായ വിമർശനമാണ്. കുട്ടികൃഷ്ണമാരാരുടെ നമ്മുടെ സംസ്കാരലോപം എന്ന ലേഖനമാകട്ടെ കുഞ്ചൻനമ്പ്യാരെയും ഒട്ട് എഴുത്തച്ഛനെയും നിശിതമായി നോക്കിക്കാണുന്നു. ഇതിഹാസങ്ങളുടെ യഥാർത്ഥസത്ത വായനാസമൂഹത്തിൽനിന്നു മറച്ചുവയ്ക്കാനേ ഇവരുടെ സാഹിത്യകൃതികൾ കഴിഞ്ഞുള്ളൂവെന്നും ആ നിലയിൽ ഇവർ സംസ്കാരദൂഷകരാണെന്നും അതിലദ്ദേഹം സൂചിപ്പിക്കുന്നു. ഇതിഹാസകഥാപാത്രങ്ങളെ ആദർശവത്കരിക്കുകയോ ദൈവവത്കരിക്കുകയോ ചെയ്യുന്നതും യുക്തിരഹിതമായി പരിഹസിക്കുന്നതും അവയിലെ മാനവികസത്തയും മൂല്യവും നഷ്ടപ്പെടുത്തും എന്നതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. സാഹിത്യംമൂലമുണ്ടാകുന്ന തെറ്റിദ്ധാരണകൾ തലമുറകളോളം പടരുമെന്നതിനാലാണ് അദ്ദേഹം അത്തരം നിലപാടെടുത്തത്.

സമകാലസാഹിത്യത്തെ സവിശേഷമായി അഭിമുഖീകരിക്കുന്നതിൽ നവോത്ഥാനകാലവിമർശനം ശ്രദ്ധിച്ചിട്ടുണ്ട്. മലയാളത്തിലെ നവോത്ഥാനകാലസാഹിത്യം പലതരം പ്രവണതകളുടെകൂടി കാലമായിരുന്നു. കാല്പനികത, യാഥാതഥവാദം, മിസ്റ്റിസിസം, സിംബലിസം, എക്സ്പ്രഷണിസം എന്നിവകൂടാതെ പലതരത്തിലുള്ള രൂപപരീക്ഷണങ്ങളും അന്നുണ്ടായിരുന്നു. നാടകത്തിലും കവിതയിലുമുണ്ടായ അത്തരം മാറ്റങ്ങളും കല കലയ്ക്കുവേണ്ടിയോ ജീവിതത്തിനുവേണ്ടിയോ എന്നിങ്ങനെയുള്ള വിവാദങ്ങളും ഈ കാലത്തു സജീവമായിരുന്നു. ഇവയെയെല്ലാം വിശദീകരിക്കാനും ആരോഗ്യകരമായ സംവാദങ്ങളിലൂടെ പ്രശ്നവത്കരിക്കാനും നവോത്ഥാനകാലവിമർശനം കരുതൽകാട്ടിയിട്ടുണ്ട്. മലയാളസാഹിത്യത്തിലെ എക്കാലത്തെയും മികച്ച നിരവധി കൃതികളും

അക്കാലത്തുണ്ടായി. അവയിൽ പലതിനെയും വിശകലനംചെയ്തുകൊണ്ടുള്ള വിമർശനങ്ങളിൽ മിക്കതും ആ കൃതികളുടെ മാത്രമല്ല അവയുൾപ്പെടുന്ന പ്രസ്ഥാനത്തിന്റെയോ പ്രവണതയുടെയോ വിശദീകരണമായി മാറിയിട്ടുണ്ട്. ബാല്യകാലസഖിക്ക് പോളെഴുതിയ അവതാരിക, കടത്തുവഞ്ചി, സ്പന്ദിക്കുന്ന അസ്ഥിമാടം, നിമിഷം, മണിനാദം തുടങ്ങി ഒട്ടേറെക്കൃതികൾക്ക് കേസരിയെഴുതിയ അവതാരികകൾ ഒക്കെ ഇത്തരത്തിലുള്ളവയാണ്. ഇവിടെയൊക്കെ ഒരു കൃതിയുടെ വിശകലനവും വിലയിരുത്തലും എന്നതിനപ്പുറം വിമർശനം സാഹിത്യചരിത്രപരമായ വൈജ്ഞാനികപ്രബന്ധമായിത്തന്നെ വളരുന്നതുകാണാം. മലയാളവിമർശനത്തിന്റെ ആശയപരമായ പ്രതിഷ്ഠാപനമാണ് ഇതിലൂടെ സാധിച്ചിരുന്നത്. നവോത്ഥാനകാല വിമർശനത്തിന്റെ ശ്രദ്ധേയമായ ഒരു ഘടകമാണ് ഓരോ കൃതിയെയും എഴുത്തുകാരനെയും സാഹിത്യചരിത്രപരമായി നോക്കിക്കാണാനും പ്രസ്ഥാനപരമോ പ്രവണതാപരമോ ആയ സമീപനത്തോടെ വിശകലനംചെയ്യാനുമുള്ള ശ്രമം. വിമർശനത്തെ പുസ്തകാഭിപ്രായങ്ങൾക്കപ്പുറത്ത് സൈദ്ധാന്തികസംവാദമായി വളർത്താൻ കഴിഞ്ഞതിനും കാരണമിതാണ്.

സാഹിത്യമെന്ന സ്ഥാപനത്തെ സമഗ്രമായി പരിശോധിക്കാൻ നവോത്ഥാനകാലവിമർശനത്തിനു കഴിഞ്ഞിട്ടുണ്ട്. സാഹിത്യത്തിന്റെ രൂപപരതയിൽ നവോത്ഥാനകാലവിമർശകർ പുലർത്തിയ ശ്രദ്ധ അതിന്റെ ഭാഗമാണ്. പോളിന്റെ നോവൽസാഹിത്യം, ചെറുകഥാപ്രസ്ഥാനം എന്നിവയും കേസരിയുടെ രൂപമഞ്ജരി, മുണ്ടശ്ശേരിയുടെ രൂപഭദ്രത എന്നീ കൃതികളും ഇക്കൂട്ടത്തിൽ എടുത്തുപറയേണ്ടവയാണ്. മലയാളത്തിലെ താരതമ്യേന നവീനങ്ങളായിരുന്ന നോവലിനെയും ചെറുകഥയെയും അവയുടെ രൂപവൈവിധ്യത്തെയും ഘടനയെയും മുൻനിർത്തി അന്നത്തെ നിലയിൽ സമഗ്രമായി അടയാളപ്പെടുത്താനാണ് ഈ കൃതികൾ ശ്രമിച്ചത്. രൂപത്തെയും സ്വഭാവത്തെയും അടിസ്ഥാനമാക്കി മലയാളഭാവുകത്വത്തിന് ഇവയെ പരിചയപ്പെടുത്തുകയെന്ന ചരിത്രദൗത്യം ഇവർ നിർവ്വഹിക്കുകയായിരുന്നു. നവോത്ഥാനം ആവശ്യപ്പെടുന്ന കാലധർമ്മങ്ങളുടെ നടത്തിപ്പുകാരായി ഇക്കാലത്തെ വിമർശകർ മാറിയെന്നു സാരം. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു വസ്തുത, നവോത്ഥാനകാലത്താണ് കൃതികളുടെ ഉള്ളടക്കവും അവമുന്നോട്ടുവെയ്ക്കുന്ന ജീവിതവീക്ഷണവും അടിസ്ഥാനമാക്കിയാണ് അവ ചർച്ചചെയ്യപ്പെടേണ്ടതെന്ന വാദത്തിന് മേൽക്കൈ ഉണ്ടായത്. സാഹിത്യകൃതിയിലെ ഉള്ളടക്കത്തെയും അതിന്റെ മാനുഷികാവസ്ഥയെയും ഒക്കെ മുൻനിർത്തിയാണ് ഈ വിമർശകരും എഴുതിയതെങ്കിലും അതിലുടനീളം

രൂപത്തിന് സാഹിത്യത്തിന്റെ വിജയത്തിനും ശക്തിക്കും പിന്നിൽ വലിയ സ്ഥാനമുണ്ടെന്ന വീക്ഷണവും നിലനിർത്തിയിട്ടുണ്ട്. ഇതിനർത്ഥം, സാഹിത്യത്തെ തത്കാല സാമൂഹികരാഷ്ട്രീയപ്രശ്നങ്ങളുടെ ഭാഗമായി മാത്രം കാണാനല്ല, മറിച്ച് മനുഷ്യജീവിതത്തിന്റെ പൊതുസ്ഥിതിയെ ആവിഷ്കരിക്കുന്ന മികച്ച കലാസൃഷ്ടികളായിത്തന്നെ പരിഗണിക്കാനാണ് ഇവർ ശ്രമിച്ചതെന്നാണ്. ഉള്ളടക്കത്തിന്റെ സ്വഭാവവും ഉദ്ദേശ്യവും ശക്തിയും ഫലപ്രദമായി സന്നിവേശിപ്പിക്കാൻ കൃതിയുടെ ഘടനയ്ക്ക് അഥവാ രൂപത്തിന് സാധിക്കുമെന്ന തത്ത്വമാണല്ലോ മുണ്ടശ്ശേരി രൂപഭദ്രതയിലൂടെ വാദിച്ചത്. നവോത്ഥാനകാലവിമർശകരെല്ലാം സ്വന്തം ധൈഷണികവൃത്തിയുടെ പേരിൽത്തന്നെ വിമർശിക്കപ്പെടുകയോ അപഹസിക്കപ്പെടുകയോ ചെയ്തിട്ടുണ്ട് അക്കാലത്തുതന്നെ. വത്തിക്കാന്റെ ഏജന്റെന്ന് പോളിനെയും ബൂർഷ്വാപണ്ഡിതനെന്ന് കേസരിയെയും രൂപഭദ്രനെന്ന് മുണ്ടശ്ശേരിയെയും യാഥാസ്ഥിതികനെന്ന് കുട്ടികൃഷ്ണമാരാരെയും പലരും അവഹേളിച്ചിട്ടുണ്ട്. പക്ഷേ, സാഹിത്യകലയുടെ മൗലികതത്ത്വങ്ങളിൽ ഉറച്ചബോധ്യമുണ്ടായിരുന്നതിനാൽ ഇത്തരം അവഹേളനങ്ങൾ അവരുടെ ചിന്തയ്ക്ക് മൂർച്ചകൂട്ടിയതേയുള്ളൂ. സാഹിത്യകല പലതായി പിരിഞ്ഞ് അറിയപ്പെടുന്നതുതന്നെ രൂപപരമോ ഘടനാപരമോ ആയ സവിശേഷതകൊണ്ടുകൂടിയാണ് എന്ന് ഇന്നു വ്യക്തമായിട്ടുണ്ടല്ലോ.

കലയിലെ പൊരുത്തങ്ങളുടെ തത്ത്വത്തെ അഥവാ ഔചിത്യത്തെ നവോത്ഥാനകാലവിമർശനം ഗൗരവമായിത്തന്നെ പരിഗണിച്ചിരുന്നു. സാഹിത്യത്തിൽ രൂപവും ഉള്ളടക്കവും തമ്മിൽ മാത്രമല്ല പൊരുത്തമുണ്ടാകേണ്ടത്. അത്തരം പൊരുത്തത്തിന്റെ തത്ത്വമെന്നനിലയിലാണ് മുണ്ടശ്ശേരി രൂപഭദ്രത എന്ന ആശയം മുന്നോട്ടുവച്ചത്. അതുകൂടാതെ ഇതിവൃത്തത്തിന്റെ കെട്ടുറപ്പ്, കഥാവികാസത്തിലെ ഏകാഗ്രത, കഥാപാത്രസൃഷ്ടിയിലുള്ള വിശ്വാസ്യത, ജീവദ്ഭാഷയുമായുള്ള ബന്ധം, സർവ്വോപരി കഥയുടെതന്നെ യുക്തിബദ്ധത എന്നീ കാര്യങ്ങളിലും നവോത്ഥാനകാലവിമർശനം ശ്രദ്ധിച്ചിരുന്നു. പോളിന്റെ നോവൽസാഹിത്യത്തിൽത്തന്നെ ഇതിവൃത്തത്തിനും നോവലിന്റെ ഇതരഘടകങ്ങൾക്കും നല്കുന്ന പ്രാധാന്യം ഇതിന്റെ തെളിവാണ്. ക്രിയാത്മകമായ സംഭവങ്ങളുടെ ആഖ്യാനമെന്ന പരിഗണനയിലാണ് സാഹിത്യകൃതികളെ ഇവർ പരിചരിച്ചത്. അവതരിപ്പിക്കുന്ന ജീവിതം ഏതുമാകട്ടെ അത് ക്രിയാവിചിത്രവും സംഘട്ടനാത്മകവുമാകണമെന്ന മുണ്ടശ്ശേരിയുടെ കാഴ്ചപ്പാടും ഇവിടെയോർക്കാം. എന്നാൽ അവയൊക്കെ വായനക്കാരെ അലോസരപ്പെടുത്താത്തവിധം ഒഴുക്കോടെ ഔചിത്യപൂർണ്ണമായി

ആവിഷ്കരിക്കണമെന്നതായിരുന്നു ഇവരുടെ താത്പര്യം. ഇന്ദുലേഖയുടെ പതിനെട്ടാമദ്ധ്യായത്തെക്കുറിച്ചുള്ള പോളിന്റെ വിവാദപ്രസ്താവങ്ങൾ ഇതിന്റെയടിസ്ഥാനത്തിലാണ് മനസ്സിലാക്കേണ്ടത്. കഥാപ്രവാഹത്തെ പ്രതിരോധിക്കുന്ന ശിലാഖണ്ഡം എന്നാണല്ലോ അദ്ദേഹം പതിനെട്ടാമദ്ധ്യായത്തെ വിശേഷിപ്പിച്ചത്. ഇതിവൃത്തത്തിന്റെ സ്വാഭാവികഗതിക്കു തടസ്സമാകുന്നുവെന്നതാണ് കാരണം. അല്ലാതെ അതിലെ നിരീക്ഷണങ്ങൾ ഉൾക്കൊള്ളാനാവാത്തതുകൊണ്ടല്ല. ഏത് ആശയവും കലയുടെ നിയമത്തിനും സൗന്ദര്യഘടനയ്ക്കും ഉള്ളിലാണെങ്കിൽ അവയെത്ര പുരോഗമനപരവും വിഗ്രഹഭഞ്ജകവുമാണെങ്കിലും അതിനെ ആവുന്നത്ര ഉൾക്കൊള്ളാൻ നവോത്ഥാനകാലവിമർശകർക്കു കഴിയുമായിരുന്നു. അവർ മനുഷ്യജീവിതത്തോടും അതിന്റെ പുരോഗമനപരമായ വികാസത്തോടും ആഭിമുഖ്യം കാട്ടുക മാത്രമല്ല അതിന്റെ ദുരിതപൂർണ്ണമായ പല ഘടകങ്ങളും മാറ്റിത്തീർക്കാനുള്ള യത്നത്തിൽ കലയുടെ പങ്കാളിത്തത്തെ അംഗീകരിക്കുകയും ചെയ്തിരുന്നു. എങ്കിലും അത് രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ ആശയപ്രചാരണമായി പരിണമിക്കരുതെന്നും കലയുടെ ധർമ്മം മുദ്രാവാക്യമുതിർക്കലല്ല അതിനു പാകമായ മനുഷ്യമനസ്സിനെ പ്രചോദിപ്പിക്കുകയാണെന്നും അങ്ങനെ പ്രചോദിപ്പിക്കണമെങ്കിൽ അത് കലയുടെ അടിസ്ഥാനസ്വഭാവത്തിൽനിന്ന് വ്യതിചലിക്കാതിരിക്കണമെന്നും ആണ് ഇവർ അനുശാസിച്ചിരുന്നത്.

നവോത്ഥാനകാലമലയാളവിമർശനം സാഹിത്യചിന്തയെ ഗൗരവമുള്ള ആശയമണ്ഡലമായി പരിഗണിച്ചിട്ടുണ്ട്. ഈ പ്രമുഖവിമർശകർ മലയാളേതരമായ ഏതെങ്കിലും ഭാഷകളിൽക്കൂടി പാണ്ഡിത്യമുള്ളവരായിരുന്നു. പ്രത്യേകിച്ചും ഇംഗ്ലിഷ്, സംസ്കൃതം എന്നീ ഭാഷകളിൽ. സ്വാഭാവികമായും ഇവരുടെ സാഹിത്യബോധത്തെയും ചിന്തയെയും സ്വാധീനിക്കാൻ പാശ്ചാത്യവും പൗരസ്ത്യവുമായ സാഹിത്യചിന്തകൾക്കു കഴിഞ്ഞിട്ടുണ്ട്. ഇംഗ്ലിഷ് കേവലം ഒരു ഭാഷയായി മാത്രമല്ല, പല യൂറാപ്യൻ ഭാഷകളിലെയും ചിന്തകളുടെ വാതായനമായിട്ടുകൂടിയാണ് ഇവിടെ ഭവിച്ചത്. അതിനാലാണ് പാശ്ചാത്യം എന്നുതന്നെ പറയാനാകുന്നത്. കുട്ടികൃഷ്ണമാരാരുടെ ആശയബലത്തിനുപിന്നിൽ സംസ്കൃതസാഹിത്യചിന്തകളായിരുന്നു. പക്ഷേ, അദ്ദേഹം അതിന്റെ സാമ്പ്രദായികരീതികളെ മറികടക്കുകയും വായനക്കാരന്റെ ഭാവനാബലത്തിലാണ് അർത്ഥങ്ങൾ രൂപപ്പെടുന്നതെന്ന അനുമാനചിന്തയുടെ ഭാഗത്തേക്ക് പരിണമിക്കുകയുംചെയ്തിരുന്നു. അതിന് ആക്കംകൂട്ടുന്നതരത്തിൽ അനത്തോളേ ഫ്രാൻസിന്റെ വാക്കുകൾ കടമെടുക്കുന്നുണ്ടെങ്കിലും മഹിമഭട്ടന്റെ ആശയംതന്നെയാണ് അദ്ദേഹത്തിന്റെ ബലം. മുണ്ടശ്ശേരിയാകട്ടെ

സംസ്കൃതസാഹിത്യചിന്തകളും പാശ്ചാത്യസാഹിത്യചിന്തകളും വായിച്ചറിഞ്ഞിരുന്നു. മാത്രമല്ല, അവയുടെ സംയുക്തമായ സാഹിത്യബോധത്തിൽനിന്നുകൊണ്ടുള്ളതാണ് മുണ്ടശ്ശേരിയുടെ വിമർശനം. രണ്ടുധാരകളിലുമുള്ള സമാനതകൾ ചേർത്തുവെച്ചുകൊണ്ട് സാഹിത്യത്തിന്റെ അടിസ്ഥാനതത്ത്വം എന്നും എവിടെയും ഒന്നുതന്നെയെന്നു പറയാനും അദ്ദേഹം മടിച്ചില്ല. കാവ്യപീഠിക അത്തരത്തിലൊരു സമന്വയചിന്തയുടെ ഫലമാണ്. കേസരിയുടെ സാഹിത്യപ്രമാണങ്ങൾക്കു പിന്നിൽ പൂർണ്ണമായും പാശ്ചാത്യാശയങ്ങളുടെ അടിത്തറതന്നെയായിരുന്നു. അതുകൊണ്ട് മാറിമാറിവന്ന സാഹിത്യഭാവുകത്വങ്ങളെയെല്ലാം തുറന്നു സ്വീകരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. അതിന്റെ ശരിതെറ്റുകൾക്കപ്പുറം അവ തുറന്നുകൊടുത്ത പുതുമകളോടായിരുന്നു അദ്ദേഹത്തിനു പ്രിയം. പോളിന്റെ സാഹിത്യചിന്തയെയും നിർണ്ണയിച്ചത് പാശ്ചാത്യാവബോധമായിരുന്നു എന്നത് വളരെ വ്യക്തമാണ്. പാശ്ചാത്യസാഹിത്യചിന്തകൾ കാലോചിതവും വിശാലവും പുതിയ പ്രവണതകൾക്കും രീതികൾക്കും പര്യാപ്തവുമാണെന്ന ബോധം നവോത്ഥാനകാലംമുതൽ മലയാളവിമർശനത്തെ ബാധിച്ചിട്ടുണ്ട്. അതിനു പലകാരണങ്ങളുണ്ട്. പത്തൊമ്പതാംശതകത്തിന്റെ പകുതിയോടെ ഇവിടെ സംസ്കൃതകേന്ദ്രിതമായ ഉന്നതവിദ്യാഭ്യാസവും സാഹിത്യപ്രവർത്തനവും മന്ദീഭവിച്ചുതുടങ്ങുകയും ക്രമേണ തീരെ ദുർബ്ബലമാകുകയുംചെയ്തു. ഏതൊരു അധീശസാംസ്കാരികവ്യവഹാരത്തെയാണോ എതിർക്കേണ്ടിയിരുന്നത് അതിന്റെ പ്രതിനിധാനമായി സംസ്കൃതത്തെ കണക്കാക്കി. വരേണ്യവും ബ്രാഹ്മണികവുമായ സംസ്കാരത്തിന്റെ നിരാസംകൂടിയായിരുന്നല്ലോ നവോത്ഥാനം. അതിന്റെ സ്ഥാനത്ത് പുതിയ നവോത്ഥാനാശയങ്ങളുടെയും വിദ്യാഭ്യാസത്തിന്റെയും ഭാഗമായി ഇംഗ്ലിഷ് കടന്നുവരുകയും പൊതുവിദ്യാഭ്യാസത്തിന്റെ ഭാഷയായിത്തന്നെ പരിണമിക്കുകയുംചെയ്തു. കീഴാളതയിൽനിന്നു സാമൂഹികമായി ഉയർന്നുവന്നുകൊണ്ടിരുന്ന ജനതയും ഇംഗ്ലിഷ്പഠിപ്പിനു പ്രാധാന്യംനല്കി. അങ്ങനെ ഭാവിയുടെ ഭാഷയായി ഇംഗ്ലിഷ് കേരളീയരിൽ പടർന്നുകയറിയതോടെ നവോത്ഥാനവ്യവഹാരമയി വന്ന വിമർശനത്തിന്റെയും ആശയങ്ങളുടെ പ്രഭവകേന്ദ്രമെന്ന സ്ഥാനം ഇംഗ്ലിഷും അതിലൂടെ പാശ്ചാത്യചിന്തകളും കൈവരിച്ചു. സംസ്കൃതം പഠിച്ചിട്ടും പാരമ്പര്യക്രമങ്ങളിൽനിന്നു മാറി സ്വതന്ത്രമായി സാഹിത്യവിചിന്തനം നടത്താൻ കഴിഞ്ഞിരുന്ന കുട്ടികൃഷ്ണമാരാര് പോലും പലപ്പോഴും മലയാളത്തിൽനിന്നു മനസ്സിലാക്കിയ ചില പാശ്ചാത്യചിന്തകളും മറ്റും ഉദാഹരിക്കാൻ ശ്രമിക്കുന്നതുകാണാം. ഇവരിൽ സാമാന്യമായി കാണുന്ന സമന്വയചിന്തയ്ക്കുപിന്നിലും ഒന്നുകിൽ

സംസ്കൃതം അല്ലെങ്കിൽ പാശ്ചാത്യം എന്ന വിചാരത്തിന്റെ സ്വാധീനം പ്രകടമായിത്തന്നെ കാണാനാകും. ഒരുപക്ഷേ, കേരളം സാംസ്കാരിക മായി സ്വതന്ത്രമായിക്കൊണ്ടിരുന്ന നവോത്ഥാനകാലത്ത് ഉന്നതങ്ങ ളെന്നു കരുതപ്പെട്ട രണ്ടുചിന്താധാരകൾക്കു കീഴ്പ്പെടാതിരിക്കാനുള്ള ബലമുണ്ടാക്കാൻ കഴിഞ്ഞിരുന്നെങ്കിൽ മലയാളത്തിന് അതിന്റെ തട്ട കത്തിനിണങ്ങുന്ന സാഹിത്യചിന്തകൾ രൂപപ്പെടുത്താനാകുമായിരുന്നു എന്നും കരുതാവുന്നതാണ്.

സാഹിത്യത്തിന് ഒരു വ്യവസ്ഥയുണ്ടായിക്കൊണ്ടിരുന്ന അഥവാ സ്ഥാപനവത്കരിക്കപ്പെട്ടുകൊണ്ടിരുന്ന ഘട്ടമാണ് നവോത്ഥാനകാലം. ആ ഘട്ടത്തിലെ കൊളോണിയൽ ആധുനികതയുടെ വ്യവഹാരമണ്ഡല ത്തിനുള്ളിലാണ് വിമർശനം വളർന്നുതുടങ്ങിയത്. ആധുനികമായ വളർ ച്ചയുടെ പ്രചോദനമായി പാശ്ചാത്യമാതൃകകൾ സ്വീകരിക്കപ്പെടുകയെ ന്നതായിരുന്നു അന്നത്തെ രീതി. സംസ്കൃതത്തെ താനുണ്ണാത്തേവരായി കണക്കാക്കിയ എ.ആർ. രാജരാജവർമ്മ (സാഹിത്യസാഹ്യം)ആശയ ങ്ങൾക്കായി പടിഞ്ഞാറേക്കുനോക്കണമെന്നും ഉദ്ബോധിപ്പിച്ചിരുന്നു. ഇത് നവോത്ഥാനത്തിന്റെ ശക്തമായ ഒരു യുക്തിയായിരുന്നു. യഥാർ ത്ഥത്തിൽ നിലനിന്ന വരേണ്യസാഹിത്യബോധത്തിന്റെ സ്ഥാനത്ത് കേരളീയവും ബഹുസ്വരവുമായ ആവിഷ്കാരങ്ങളുടെ ചരിത്രത്തിലും സങ്കേ തങ്ങളിലുംനിന്ന് പുതിയ ഭാവുകത്വസാധ്യതകൾ കണ്ടെടുക്കാനുള്ള ശ്രമം നവോത്ഥാനകാലവിമർശനത്തിൽനിന്നുണ്ടായില്ല. പകരം തത്കാലസാംസ്കാരികയുക്തിക്കിണങ്ങുന്ന പാശ്ചാത്യാശയങ്ങളോ സംസ്കൃത-പാശ്ചാത്യസമന്വയമോ മാത്രമേ നവോത്ഥാനകാലവിമർശ നത്തിനും മുന്നോട്ടുവയ്ക്കാനായുള്ളൂ.

നവോത്ഥാനകാലവിമർശകരായി മേൽസൂചിപ്പിച്ച നാലുവിമർശ കരും നവോത്ഥാനത്തിന്റെ സകല വീര്യത്തോടെയും വിഗ്രഹഭഞ്ജനം നിർവ്വഹിച്ചവരാണ്. സാഹിത്യത്തിലും സംസ്കാരത്തിലും വേരോട്ടമു ണ്ടായിരുന്ന വിഗ്രഹങ്ങളുടെ ദൗർബ്ബല്യങ്ങൾ അവർ വെളിച്ചത്താക്കി. നിലവിലെ വിഗ്രഹങ്ങൾ ഉടച്ചുവെങ്കിലും വിഗ്രഹമില്ലാത്ത സ്ഥിതിയി ലേക്കല്ല പുതിയ വിഗ്രഹങ്ങളുടെ രൂപപ്പെടുത്തലിലേക്കാണ് നവോത്ഥാ നകാലവിമർശനം മലയാളത്തെ കൊണ്ടെത്തിച്ചത്.

സാഹിത്യം ഒരു സ്ഥാപനമെന്ന നിലയിലേക്കു വളരുകയും അതിനെ ബലപ്പെടുത്തുന്ന വ്യവഹാരമായി വിമർശനം രൂപപ്പെടുകയുംചെയ്ത പ്പോൾ ആശയങ്ങൾകൊണ്ടും പ്രവർത്തനംകൊണ്ടും അതിനെ പ്രതി ഷ്ഠിക്കുവാൻ നവോത്ഥാനകാലവിമർശകർക്കു കഴിഞ്ഞിട്ടുണ്ട്. പുതിയ

സാഹിത്യരൂപങ്ങളെയും പ്രവണതകളെയും രൂപഘടന വിവരിച്ചുകൊണ്ടും ഘടകവിശകലനം നടത്തിക്കൊണ്ടും അവയെ ഉറപ്പിച്ചു. സിദ്ധാന്തസമന്വയനത്തിലൂടെ ആശയലോകത്തെ അവതരിപ്പിച്ചു. പക്ഷേ ഇന്ന് പിന്തിരിഞ്ഞുനോക്കുമ്പോൾ മലയാളിയുടെ സാഹിത്യഭാവുകത്വത്തിനുമേൽ പാശ്ചാത്യസിദ്ധാന്തങ്ങളുടെയും ആഭിമുഖ്യങ്ങളുടെയും ലോകമാണ് സാമാന്യേന നവോത്ഥാനകാലവിമർശനം തുറന്നുവച്ചത് എന്നു പറയേണ്ടിയിരിക്കുന്നു.

സാഹിത്യം ഇന്ന് തനതുസാധ്യതകളിലേക്കു തിരിഞ്ഞിട്ടുണ്ട്. ഭാഷ, ആഖ്യാനരീതി, കഥാപശ്ചാത്തലം, കഥാപാത്രങ്ങൾ, ചരിത്രം ഇവയിലൊക്കെ കേരളീയമായ ധാരകൾ കണ്ടെത്താനോ ആവിഷ്ക്കരിക്കാനോ ഉള്ള ശ്രമം സാഹിത്യത്തിൽ ശക്തമായിട്ടുണ്ട്. പക്ഷേ, അവയെ നോക്കിക്കാണാൻ പുതിയ പാശ്ചാത്യചിന്താധാരകൾതന്നെയാണ് മലയാളികൾ തെരയുന്നതെന്ന സ്ഥിതി ഇപ്പോഴുമുണ്ട്. ഒരു ദേശത്തിന്റെ സമൃദ്ധമായ കലാ-സാഹിത്യ-ചരിത്രപശ്ചാത്തലത്തിൽ നിന്ന് അവിടത്തെ സാഹിത്യത്തെ സമീപിക്കാനുള്ള കാഴ്ചപ്പാടുകൾ കണ്ടെത്താനുള്ള ശ്രമംപോലും അപഹസിക്കപ്പെടാവുന്നവിധം മലയാളസാഹിത്യവിമർശനരംഗം പാശ്ചാത്യാശയങ്ങളുടെ വാണിഭസ്ഥലമായിട്ടുണ്ട്. വീണ്ടെടുപ്പുകളുടെകൂടി കാലമായിരുന്നു നവോത്ഥാനം എന്നു നേരത്തേ സൂചിപ്പിച്ചിരുന്നു. ഇന്നിപ്പോൾ മലയാളസാഹിത്യവിമർശനം സ്വന്തം സമീപനരീതികളെ കണ്ടെടുക്കാനുള്ള ശ്രമവും നിലവിലുള്ള പാശ്ചാത്യവത്കരിക്കപ്പെട്ട വിഗ്രഹങ്ങളുടെ തകർക്കലും ആവശ്യപ്പെടുന്ന മറ്റൊരു നവോത്ഥാനത്തിന്റെ സാധ്യതകൾ ആരായേണ്ട സാഹചര്യത്തിലാണ്.